മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഫെബ്രുവരി 24

# വാർത്താക്കുറിപ്പ്

---

## പ്രഭാഷണം നാളെ (ഫെബ്രുവരി 26 ന്)

മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിലുള്ള മോട്ടിവേഷണൽ സീരിസിന്റെ ഭാഗമായി നടത്തുന്ന ഏഴാമത്തെ പ്രഭാഷണം ഫെബ്രുവരി 26 ന് വൈകിട്ട് 7.30 ന് ഓൺലൈനായി നടത്തുന്നു. പ്രശസ്ത കരിയർ കൗൺസിലറും പേഴ്സണാലിറ്റി ട്രെയിനറും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സെക്ഷൻ ഓഫീസറുമായ ബാബു പള്ളിപ്പാട്ട് 'കുട്ടികൾക്ക് അനുയോജ്യമായ കരിയർ തിരഞ്ഞെടുക്കുവാൻ മാതാപിതാക്കൾക്കൊരു വഴികാട്ടി' എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകളെ കുറിച്ചും അവസരങ്ങളെക്കുറിച്ചും അനുയോജ്യമായ കോഴ്സുകൾ എവിടെ നിന്ന്, എങ്ങനെ തിരഞ്ഞെടുക്കാമെന്നതിനെക്കുറിച്ചും മാതാപിതാക്കളെ ബോധവത്ക്കരിക്കുന്നതിനായാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. http://meet.google.com/kus-qmhq-kcg ' എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിപാടിയിൽ പങ്കെടുക്കാം. പരിപാടിയെക്കുറിച്ചുള്ള വിശദ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ : 9446238800 (മിനി ജി. പിള്ള, പ്രോഗ്രാം ചെയർപേഴ്സൺ), 9846496323 (ഡോ. വിമൽ കുമാർ വി., പ്രോഗ്രാം ടെക്നിക്കൽ ഡയറക്ടർ).

(പി.ആർ.ഒ./39/212/2022)

## പരീക്ഷാ തീയതി

തൃപ്പൂണിത്തുറ, ആർ.എൽ.വി. കോളേജ് ഓഫ്. മ്യൂസിക് ആന്റ് ഫൈൻ ആർട്ട്സിന്റെ ഒന്ന്, അവസാന വർഷ ബി.എഫ്.എ ബിരുദ പരീക്ഷകൾ മാർച്ച് 17 ന് തുടങ്ങും. പിഴയില്ലാതെ ഫെബ്രുവരി 28 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് രണ്ട് വരെയും 1050 സൂപ്പർഫൈനോടു കൂടി മാർച്ച് മൂന്നിനും അപേക്ഷിക്കാം.

(പി.ആർ.ഒ./39/213/2022)

തൃപ്പൂണിത്തുറ, ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്ട്സിന്റെ രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എം.എഫ്.എ. (2019 അഡ്മിഷൻ - റെഗുലർ) / രണ്ടാം വർഷം 2019 ന് മുൻപുള്ള അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 28 ന് തുടങ്ങും.

(പി.ആർ.ഒ./39/214/2022)

മെയ് / ജൂൺ സെഷൻ ബി.ആർക്ക് പരീക്ഷകൾ മാർച്ച് 22 ന് തുടങ്ങും. പിഴയില്ലാതെ മാർച്ച് എട്ട് വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് ഒമ്പതിനും 1050 രൂപ സൂപ്പർഫൈനോടു കൂടി മാർച്ച് പത്തിനും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ നിരക്കിലും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/215/2022)

അഞ്ചാം സെമസ്റ്റർ ബി.എച്ച്.എം. പരീക്ഷകൾ മാർച്ച് 11 ന് തുടങ്ങും. പിഴയില്ലാതെ മാർച്ച് രണ്ട് വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് മൂന്നിനും 1050 രൂപ സൂപ്പർഫൈനോടു കൂടി മാർച്ച് നാലിനും അപേക്ഷിക്കാം.

(പി.ആർ.ഒ./39/216/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഫെബ്രുവരി 24 (2)

# വാർത്താക്കുറിപ്പ്

## അന്തർദ്ദേശീയ കോൺഫറൻസ് നാളെ ( ഫെബ്രുവരി 26) മുതൽ

ദേശീയ ശാസ്ത്ര ദിനാചരണത്തിൻറെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാല - സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ്, സ്കൂൾ ഓഫ് ഡാറ്റാ സയൻസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുള്ള ദ്വിദിന അന്തർദേശീയ കോൺഫറൻസിന് നാളെ ( ഫെബ്രുവരി 26) തുടക്കമാകും. ഓൺലൈനായി നടത്തുന്ന പരിപാടിയിൽ മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ഡാറ്റാ സയൻസ് എന്നീ ശസ്ത്ര ശാഖകളിലെ നൂതന പ്രവണതകളെക്കുറിച്ച് ഇന്ത്യയിൽ നിന്നുള്ള ശാസ്ത്ര പ്രതിഭകളും അമേരിക്ക, ചൈന, അർജൻറീന, മലേഷ്യാ, ഫിലിപ്പൈൻസ്, തായ്ലൻറ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധരും പങ്കെടുക്കും.

നാളെ (ഫെബ്രുവരി 26) രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിൻറെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് ഉപാധ്യക്ഷൻ ഡോ.വി.കെ. രാമചന്ദ്രൻ പരിപാടി ഉദ്ഘാടനം ചെയ്യും. കേരള സ്കൂൾ ഓഫ് മാത്ത്മാറ്റിക്സ് ഡയറക്ടർ പ്രൊഫ. കല്യാൺ ചക്രവർത്തി, കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല എമിരറ്റസ് പ്രൊഫസർ പ്രൊഫ. അമ്പാട് വിജയകുമാർ, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ ഡോ.കെ.കെ. ജോസ് തുടങ്ങിയവർ പങ്കെടുക്കും.

ഹൈദരാബാദ് സി.ആർ. റാവു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്ത്മാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് ആൻറ് കമ്പ്യൂട്ടർ സയൻസിലെ റിസർച്ച് പ്രൊഫസർ ഡോ. വേണി മാധവൻ, പ്രൊഫ. സിയാജുൻ യാങ് (ചൈന), പ്രൊഫ. ജി. സുരേഷ് സിങ്ങ് (കേരള സർവ്വകലാശാല), ഡോ. യുൻ കാങ് (അമേരിക്ക) തുടങ്ങിയ വിദഗ്ധർ വിവിധ സെഷനുകളിൽ പങ്കെടുക്കും. ഫെബ്രുവരി 27ന് നടക്കുന്ന സമാപന സമ്മേളനത്തിൽ പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ മുഖ്യാതിഥിയായിരിക്കും.
ഡോ. കെ.കെ. ജോസ്, ഡോ. എസ്. സതീഷ്, പ്രൊഫ. അബ്രഹാം സാമുവൽ, ഡോ. അജിത ശശി തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 9446560608

(പി.ആർ.ഒ./39/217/2022)

**പി.സി. സുരേഷ് കുമാർ**